(1)	(2)	(3)	(4)	(5)
5	ദന്തൽ സിവിൽ സർജൻ	1	1	...
6	ദന്തൽ അസിസ്റ്റന്റ് സർജൻ	3	3	...

(ബി) അനുവദിക്കപ്പെട്ട തസ്തികയ്ക്കനുസരിച്ച് വേക്കൻസിയുള്ള സ്ഥലങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചതിനാൽ സേവനം ലഭിക്കാതിരിക്കുന്നില്ല.

(സി) ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഒഴിവുകൾ, അഡ്ഹോക്ക് വ്യവസ്ഥയിൽ വിരമിച്ച ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടെ പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻ നൽകിയും, മറ്റ് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. മുഖേനയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിലെ ദിനപരിചരണ കേന്ദ്രങ്ങൾ

72 (764) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മാനസിക വെല്ലുവിളിനേരിടുന്നവരെ സഹായിക്കുന്നതിന് ദിനപരിചരണ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത്തരം സ്ഥാപനങ്ങൾ എവിടെയൊക്കെയാണ് തുടങ്ങിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) കെട്ടിട വാടക, ജീവനക്കാരുടെ ശമ്പളം എന്നീ ഇനത്തിൽ എത്ര രൂപയാണ് മാസംതോറും ചെലവാക്കുന്നത് ;

(ഇ) ഓരോ കേന്ദ്രത്തിലും എത്ര അന്തേവാസികൾ വരുന്നുണ്ട് ; ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങൾക്ക് കെട്ടിടം കണ്ടെത്തുകയും ഇവിടെയുള്ള ജീവനക്കാരെ നിയമിച്ചതും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഷാദരോഗം ഉൾപ്പെടെയുള്ള മാനസികാരോഗ്യ വെല്ലുവിളി നേരിടുന്നവർക്കായി സമ്പൂർണ്ണ പരിചരണവും പുനരധിവാസവും എന്നതാണ് ടി കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേക ദിനപരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ മാസവും ആദ്യത്തെ ബുധനാഴ്ച ഇംഹാൻസ് സംഘം കേന്ദ്രം സന്ദർശിക്കുകയും രോഗികളുടെ ആരോഗ്യനിലവാരം വിലയിരുത്തി മരുന്ന് നൽകുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പത്ത് മണി മുതൽ നാല് മണിവരെ പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രത്തിൽ അന്തേവാസികളെ എത്തിക്കുവാനും തിരിച്ച് വീടുകളിലേയ്ക്ക് എത്തിക്കുവാനും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പകൽ പരിപാലന കേന്ദ്രത്തിൽ അന്തേവാസികൾക്കായി കലാ, കായിക, മാനസികോല്ലാസങ്ങൾക്കായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്രത്തിൽ സോപ്പ് നിർമ്മാണം, മെഡിസിൻ കവർ നിർമ്മാണം, ക്ലീനിംഗ് സൊല്യൂഷൻസ്, മെഴുകുതിരി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാസർഗോഡ് ജില്ലയിലെ പെരിയയിലെ നവോദയനഗറിൽ മെയിൽ സെന്ററും ചിറ്റമ്പ പി.ഒ, പനയാൽ എന്ന സ്ഥലത്ത് ഫീമെയിൽ സെന്ററും ആരംഭിച്ചിട്ടുണ്ട്.

(ഡി) കെട്ടിട വാടക, ജീവനക്കാരുടെ ശമ്പളം എന്നീ ഇനങ്ങളിൽ താഴെപ്പറയുന്ന തുക മാസംതോറും ചെലവാക്കിയിട്ടുണ്ട്:

മാസം	ബിൽഡിംഗ് വാടക	ശമ്പളം	ആകെ
മെയ്	47,000	1,11,000	1,58,000
ജൂൺ	47,000	1,11,000	1,58,000
ജൂലൈ	47,000	1,11,000	1,58,000
ആഗസ്റ്റ്	47,000	1,11,000	1,58,000
സെപ്റ്റംബർ	47,000	1,11,000	1,58,000
ഒക്ടോബർ	47,000	1,11,000	1,58,000
നവംബർ	47,000	1,11,000	1,58,000
ഡിസംബർ	47,000	1,11,000	1,58,000
ജനുവരി	47,000	1,11,000	1,58,000
ആകെ	4,23,000	9,99,000	14,22,000

(ഇ) 13 പുരുഷന്മാരും 10 സ്ത്രീകളും അന്തേവാസികളായുണ്ട്. ഇംഹാൻസിന്റെ സഹായത്തോടെ രോഗികളുടെ ആരോഗ്യനിലവാരം വിലയിരുത്തി മരുന്ന് നൽകുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പകൽ പരിപാലന കേന്ദ്രത്തിൽ അന്തേവാസികളെ എത്തിക്കുവാനും തിരിച്ച് വീടുകളിലേയ്ക്ക് എത്തിക്കുവാനുമുള്ള വാഹന സൗകര്യം, കലാ കായിക മാനസികോല്ലാസങ്ങൾക്കായുള്ള സൗകര്യം, തൊഴിൽ പരിശീലനം എന്നിവ അന്തേവാസികൾക്ക് നൽകിവരുന്നു.

(എഫ്) കെട്ടിടം കണ്ടെത്തിയത് പത്രപരസ്യം മുഖേനയാണ്. മാസ വാടകയ്ക്കാണ് കെട്ടിടം കണ്ടെത്തിയിട്ടുള്ളത്. സ്ഥാപനത്തിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ സ്റ്റാഫ് നേഴ്സിനെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ക്ലീനർ-കം-പ്യൂൺമാരെയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly